പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2097 26.03.2013 -ൽ മറുപടിക്ക്

ഡീസൽ സപ്ലൈകോ പമ്പുകളിൽ നിന്നും വാങ്ങാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ഡീസൽ എണ്ണ കമ്പനികളിൽ നിന്ന് നേരിട്ട് വാങ്ങുന്നതിനു പകരം സപ്ലൈകോ പമ്പുകളിൽ നിന്ന് വാങ്ങിയാൽ ഡീസൽ സബ്സിഡി ലഭിക്കുമായിരുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു കൊണ്ടാണ് ഇത്തരം ക്രമീകരണം നടത്താത്തതെന്ന് വിശദമാക്കാമോ; | (എ) | നിലവിൽ, തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം സെൻട്രൽ, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ ഡിപ്പോകളിലെ ബസ്സുകൾക്ക്, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പമ്പുകളിൽ നിന്നുമാണ് ഡീസൽ നിറയ്ക്കുന്നത്. ബാക്കി സ്ഥലങ്ങളിൽ റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ നിന്നും ഡീസൽ നിറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | സർക്കാർ അനുവദിച്ച 28 കോടി രൂപയുടെ ധനസഹായം എണ്ണ കമ്പനികൾക്ക് ലഭിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | പ്രസ്തുത തുക ഉപയോഗിച്ച് ഡീസൽ വാങ്ങി കഴിഞ്ഞതിനാൽ ഈ വിഷയത്തിൽ ഇനി നടപടി എടുക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. |

സെക്ഷൻ ഓഫീസർ